വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്. ഉത്തരവിന്റെ (G.O. (P). No.170/2002/H. Edn-dated 4-12-2002) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഒരേ നിരക്കിലാണ്.

(സി) കുറ്റിപ്പുറം എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് മാത്രമാണ് ന്യൂനപക്ഷ പദവിയുള്ള ഏക എഞ്ചിനീയറിംഗ് സ്ഥാപനം. മാറമ്പള്ളി എം.ഇ.എസ്. കോളേജിന് എം.സി.എ. യ്ക്ക് ന്യൂനപക്ഷ പദവിയുണ്ട്.

(ഡി) മറ്റ് സ്വാശ്രയ കോളേജുകളിലെന്നപോലെ ഇവിടെയും 50 ശതമാനം സീറ്റുകൾ സർക്കാർ സീറ്റായി പരിഗണിച്ചു ബാക്കി 50 ശതമാനം സീറ്റുകൾ മാനേജ്മെന്റ് സീറ്റായി പരിഗണിച്ചും പ്രവേശനം നൽകുന്നു.

ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന ഉത്തരവ്

7 (*274) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിരുന്നോ ;

(ബി) പ്രസ്തുത നിർദ്ദേശം എല്ലാ സ്കൂളുകൾക്കും അയച്ചിരുന്നുവോ ;

(സി) പ്രസ്തുത നിർദ്ദേശം ലഭിക്കാത്ത സ്കൂളുകളിൽ നിന്നും പാസ്സായ കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്യാനിടയായിട്ടുണ്ടോ ;

(ഡി) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് ഉത്തരവായിട്ടുണ്ടോ ;

(ഇ) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനപേക്ഷിക്കുമ്പോൾ ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതുണ്ടോ ;

(എഫ്) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഉപരിപഠനം നടത്തുന്നിടത്ത് ഏൽപ്പിച്ചവർക്ക് അപേക്ഷയോടൊപ്പം ചേർക്കാൻ പറ്റില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇതുവരെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തവരെ ഡ്യൂപ്ലിക്കേറ്റ് വാങ്ങുന്നതിൽ നിന്നും ഒഴിവാക്കുമോ എന്ന് വ്യക്തമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യാൻ പാടുള്ളതല്ല എന്നുള്ള വിവരം പരീക്ഷാർത്ഥികളെ അറിയിക്കാമെന്നുള്ള നിർദ്ദേശം എല്ലാ ചീഫ് സൂപ്രണ്ട്/ഹെഡ്മാസ്റ്റർമാർക്കും പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും നൽകിയിരുന്നു.

(ബി&സി) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതോടൊപ്പം പ്രസ്തുത നിർദ്ദേശം അടങ്ങിയ സർക്കുലറും എല്ലാ സ്കൂളുകൾക്കും നൽകിയിരുന്നു. എന്നിട്ടും പല സ്കൂളുകളിലേയും കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തതായി കാണുന്നു.

(ഡി) 2003 മാർച്ചിൽ പരീക്ഷാ എഴുതിയ കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തുപോയിട്ടുണ്ടെങ്കിൽ അത്തരക്കാർ സർട്ടിഫിക്കറ്റിന്റെ വിലയായ 30 രൂപ അടച്ച് സ്കൂൾ ഹെഡ്മാസ്റ്റർ മുഖേന അപേക്ഷ സമർപ്പിച്ച് പകരം സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

(എഫ്) 2003-ന് മുൻപ് പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്തുപോയിട്ടുണ്ടെങ്കിൽ കൂടി സർട്ടിഫിക്കറ്റിന്റെ മൂല്യത നഷ്ടപ്പെടുന്നില്ലായെന്നും അത്തരം സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത സംബന്ധിച്ച് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോ എംബസികളോ, പരീക്ഷാ ബോർഡുകളോ തർക്കം ഉന്നയിച്ചാൽ മാത്രം പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ചാൽ മതിയെന്നും പ്രമുഖ പത്രങ്ങൾ മുഖേന പൊതുജനങ്ങളെ അറിയിച്ചിരുന്നു. ആയതിനാൽ പഠനം നടത്തുന്നതിനിടയ്ക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതായി വരുന്നില്ല.

(ജി) 2003 മാർച്ചിൽ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ, ലാമിനേറ്റ് ചെയ്തു പോയിട്ടുണ്ടെങ്കിൽ, നിർബന്ധമായും മാറ്റണമെന്ന് നിർദ്ദേശിച്ചിട്ടുള്ളൂ. അതിന് മുൻപ് പരീക്ഷ എഴുതിയിട്ടുള്ളവരുടെ കാര്യത്തിൽ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോ പരീക്ഷാ ബോർഡുകളോ, എംബസികളോ തർക്കമുന്നയിച്ചാൽ മാത്രം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ

8(*275) ശ്രീമതി മെഴ്സി രവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly